**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 327** **01-02-2023 - ൽ മറുപടിയ്ക്ക്**

**ഭക്ഷണ ശാലകളുടെ ലൈസൻസ് പുന:സ്ഥാപിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സുരക്ഷിതമല്ലാത്ത ഭക്ഷണം വിതരണം ചെയ്തതിന്റെ പേരിൽ ലൈസൻസ് റദ്ദാക്കപ്പെടുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് പുന:സ്ഥാപിക്കുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 236 (5), 1996-ലെ കേരള പഞ്ചായത്ത് രാജ് (Issue of license to factories, Trades, Entrepreneurship activities and other service) ചട്ടങ്ങളിലെ, ചട്ടം 25 പ്രകാരം ലൈസൻസിലെ ഏതെങ്കിലും വ്യവസ്ഥ ലംഘിച്ചുവെന്ന് പ്രസിഡന്റിന് ബോധ്യം വരുകയാണെങ്കിലോ അല്ലെങ്കിൽ ലൈസൻസുകാരന്റെ മേൽ ഒരു നിയമകോടതി 1955ലെ അയിത്താചരണ (കുറ്റം) ആക്ട് (1955_ലെ കേന്ദ്ര ആക്ട്) പ്രകാരം കുറ്റം സ്ഥാപിക്കുകയും ആ കുറ്റം ചെയ്തിട്ടുള്ളത് ലൈസൻസിനെ സംബന്ധിച്ച ഏതെങ്കിലും കാര്യം പ്രമാണിച്ചായിരിക്കുകയും ചെയ്യുകയാണെങ്കിലോ, നൽകിയിട്ടുള്ള ലൈസൻസ് അദ്ദേഹത്തിന് റദ്ദ് ചെയ്യാവുന്നതാണ് വ്യവസ്ഥ. ടി ചട്ടങ്ങളിൽ ലൈസൻസ് പുന:സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യവസ്ഥ ചെയ്തിട്ടില്ല. സുരക്ഷിതമല്ലാത്ത ഭക്ഷണം വിതരണം ചെയ്തു വെന്ന് ഭക്ഷ്യസുരക്ഷാ വകുപ്പ് കണ്ടത്തി റിപ്പോർട്ട് ചെയ്യുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് മേൽപ്പറഞ്ഞ പ്രകാരം റദ് ചെയ്യുന്നതാണ്. റദ്ദാക്കുന്നതിന് ആധാരമായി കണ്ടെത്തിയ വീഴ്ചകൾ പരിഹരിച്ചതായി ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ട് റിപ്പോർട്ട് ചെയ്യുന്ന മുറക്ക് റദ്ദ് ചെയ്ത ലൈസൻസ് പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതാണ്.<br><br>1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 447പ്രകാരം നഗരസഭ നല്കുന്ന ലൈസൻസ് റദ്ദാക്കപ്പെടുന്നപക്ഷം നിയമാനുസൃത പിഴ ചുമത്തി, ആയത് ഈടാക്കിയും റദ്ദാക്കപ്പെടുന്നതിന് കാരണമായിട്ടുള്ള ന്യൂനതകൾ പരിഹരിക്കപ്പെടുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ബോധ്യപ്പെട്ടതിൻ പ്രകാരം ലൈസൻസ് |

| | | | |
|---|---|---|---|
| | | | പുന:സ്ഥാപിക്കുന്നതിനുള്ള അപേക്ഷ പരിഗണിച്ച് നഗരസഭകൾ നടപടി സ്വീകരിച്ചു വരുന്നതുമാണ്. |
| (ബി) | ഭക്ഷ്യസുരക്ഷ സംബന്ധിച്ച് ഗുരുതരമായ ആശങ്കകൾ ഉയർന്നു വന്നിട്ടുള്ള സാഹചര്യത്തിൽ ലൈസൻസ് പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൂടുതൽ കർക്കശമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | തീർച്ചയായും. അതിനായി സർക്കാരിന്റെ 02.05.2022 ലെ WM1/262/2022/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഭക്ഷണ സാധനങ്ങൾ വിൽപ്പന നടത്തുന്ന സ്ഥാപനങ്ങളിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ സംബന്ധിച്ച് എല്ലാ തദ്ദേശസ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ